**File No.CT/15318/2019-P2**

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

**ടാക്സ് ടവർ ,കരമന**
**കിള്ളിപ്പാലം, തിരുവനന്തപുരം**
**തീയതി : 29-08-2022**

## "ലക്കി ബിൽ" വിജയികൾക്ക് കെ.ടി.ഡി.സി റിസോർട്ടുകളിൽ ആഡംബര താമസം.

തിരുവനന്തപുരം: സംസ്ഥാന ജി.എസ.ടി വകുപ്പ് പുറത്തിറക്കിയ ജി.എസ്.ടി. ലക്കി ബിൽ ആപ്പിലെ പ്രതിവാര നറുക്കെടുപ്പിൽ വിജയികളായവർക്ക് ഇനി കെ.ടി.ഡി.സി റിസോർട്ടുകളിൽ ആഡംബര താമസം.

ലക്കി ബിൽ ആപ്പിന്റെ ആദ്യ പ്രതിവാര നറുക്കെടുപ്പാണ് നടന്നത് . നറുക്കെടുപ്പിൽ വിജയികളായ 25 പേർക്ക് കെ.ടി.ഡി.സി യുടെ കീഴിൽ ഉള്ള തിരുവനന്തപുരത്തെ മസ്കറ്റ് ഹോട്ടൽ, കുമരകത്തെ വാട്ടർ സ്കേപ്സ് റിസോർട്ട്, മൂന്നാർ ടീ കൗണ്ടി ഹിൽ റിസോർട്, തേക്കടി ആരണ്യ നിവാസ് , കൊച്ചിയിലെ ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട് എന്നിവിടങ്ങളിലാണ് സൗജന്യ താമസ സൗകര്യം ലഭിക്കുന്നത് . വിജയികൾക്ക് രണ്ട് രാത്രിയും മൂന്ന് പകലും ഉൾപ്പെടുന്ന താമസ സൗകര്യമാണ് സമ്മാനമായി ലഭിക്കുന്നത്. വിജയികൾ ലക്കി ബിൽ ആപ്പിലെ റിവാർഡ് വിഭാഗത്തിൽ ലഭിച്ച സന്ദേശത്തിൽ നൽകിയിട്ടുള്ള ഫോൺ നമ്പരിലോ , ഇ മെയിൽ വിലാസത്തതിലൊ ബന്ധപ്പെട്ട് താമസം ബുക്ക് ചെയ്യണം.

പ്രതിദിന നറുക്കെടുപ്പിൽ ഇതുവരെ വിജയികളായവർക്കുള്ള ഗിഫ്റ്റ് പാക്കറ്റുകൾ ഏതാനും ദിവസത്തിനുള്ളിൽ തന്നെ വിജയികളായവരുടെ മേൽ വിലാസത്തതിൽ ലഭിച്ച് തുടങ്ങും . പ്രതിദിന നറുക്കെടുപ്പിലെ വിജയികൾക്ക് കുടുംബശ്രീ, വനശ്രീ എന്നിവർ നൽകുന്ന

1000/- രൂപ വിലയുള്ള ഗിഫ്റ്റ് പാക്കറ്റാണ് സമ്മാനമായി ലഭിക്കുന്നത് . 10 ലക്ഷം രൂപ ഒന്നാം സമ്മാനം ഉള്ള പ്രതിമാസ നറുക്കെടുപ്പ് സെപ്റ്റംബർ ആദ്യവാരത്തിൽ നടക്കും. ഓണത്തോട് അനുബന്ധിച്ച് 25 ലക്ഷം രൂപ സമ്മാനം നൽകുന്ന ബംബർ നറുക്കെടുപ്പും നടക്കും.

ആദ്യ പ്രതിവാര നറുക്കെടുപ്പിലെ വിജയികൾ : അജിത്ത് .എ .ജി- പാലക്കാട്, ബിനു- ആലപ്പുഴ, ബാബു.എസ്- കൊല്ലം, ജോർജ് കുര്യൻ- തിരുവനന്തപുരം, ധനേഷ് .എം- കണ്ണൂർ, രഞ്ജിത്ത് - ആലപ്പുഴ, അനന്തകൃഷ്ണൻ. ടി- പാലക്കാട്, ബിനോയ് എബ്രഹാം - പത്തനംതിട്ട, ധനേഷ്.എൻ- കോട്ടയം, മായാ മാധവി- കൊല്ലം, രാഹുൽ .പി- കോഴിക്കോട്, ആനന്ദകുമാർ. കെ.ടി- കോഴിക്കോട്, ശ്രീജിത്ത്.സി.കെ- എറണാകുളം , രാഹുൽ .പി.എസ്- തിരുവനന്തപുരം, സയീദാ ഷിറീൻ-കൊച്ചി, അമലേന്ദു .വി- കൊല്ലം, ജോൺസൻ .ടി.എം- എറണാകുളം, ബാലു.ജെ.ചന്ദ്രൻ- തൃശ്ശൂർ, പുരുഷോത്തമൻ മടക്കര- കണ്ണൂർ, സൽമാനുൾ ഫാരിസ് – എറണാകുളം, രതീഷ്.കെ. നായർ -കൊല്ലം, ടി .സി ബോസ് – തിരുവനന്തപുരം, ശ്രീകുമാർ - കൊല്ലം, അനൂപ് .കെ.സി –കോഴിക്കോട്, അഭിലാഷ് .സി.എസ് – കോട്ടയം.

Sd/-

COMMISSIONER